7230

സി.ജനറൽ(1)/23069/2011 /സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം -12
തീയതി: 24/08/2012

പ്രേക്ഷിതൻ

സെക്രട്ടറി

പരീക്ഷാഭവൻ

സ്വീകർത്താവ്

ജില്ലാ വിദ്യാഭ്യാസ ഓഫീസർ,

.................................

സർ,

വിഷയം- എസ്.എസ്.എൽ.സി. സേ / റീവാല്യുവേഷൻ -പഴയ സർട്ടിഫിക്കറ്റുകൾ ശേഖരിച്ച് പരീക്ഷാഭവനിലേക്ക് അയയ്ക്കുന്നത് -സംബന്ധിച്ച്.

സൂചന - ഈ ഓഫീസിലെ സർക്കുലർ നമ്പർ- ഇ.എക്സ് /എ1/21357/2011/ സി.ജി.ഇ. തീയതി. 6.5.2011

2011 മെയിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയുടേയും റീവാല്യുവേഷൻ വഴി ഉയർന്ന ഗ്രേഡ് നേടിയ വിദ്യാർത്ഥികളുടേയും സർട്ടിഫിക്കറ്റുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസുവഴി സ്കൂളുകളിൽ വിതരണം ചെയതിരുന്നു.

പുനർ മൂല്യനിർണ്ണയം, സേ പരീക്ഷ എന്നിവയ്ക്ക് പകരമായി ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ പാക്ക് ചെയ്ത് മെയ് മാസം 25-ാം തീയതിക്കകം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ എത്തിക്കണം എന്നറിയിച്ചിരുന്നു.

താങ്കളുടെ ജില്ലാ വിദ്യാഭ്യാസ ജില്ലയിൽപെട്ട സ്കൂളുകളിൽ നിന്നും ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റുകൾ ശേഖരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയതിനുശേഷം,. ആയത് ഒരൊറ്റ ബണ്ടിലാക്കി പരീക്ഷാഭവനിലേക്ക് കൈമാറാൻ വേണ്ട പാകത്തിൽ തയ്യാറാക്കി വക്കേണ്ടതാണ്. ഇനിയും സർട്ടിഫിക്കറ്റ് തിരിച്ചേൽപ്പിക്കാത്ത സ്കൂളുകളുണ്ടെങ്കിൽ അടിയന്തിരമായി 3/9/2011 നകം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ എത്തിക്കാനുള്ള നിർദ്ദേശം നൽകേണ്ടതാണ്.

മേൽ രീതിയിൽ തയ്യാറാക്കി വച്ച ബണ്ടിലുകൾ പരീക്ഷാഭവനിൽ നിന്നും വരുന്ന വാഹനത്തിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടതാണ്.

വിശ്വസ്തതയോടെ,

സെക്രട്ടറി

ബി4/7230/11 തീ. 27.7.11